**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 269** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കൂടുതൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര മേഖലയിലെ ആഗോള പ്രവണതകളും സംസ്ഥാനത്തിന്റെ സാഹചര്യങ്ങളും പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആഗോള ടൂറിസം മേഖലയിലെ പുതിയ പ്രവണതകളായ സ്ത്രീ സൗഹാർദ്ദ ടൂറിസം, അനുഭവവേദ്യമായ ടൂറിസം പാക്കേജുകൾ, ഫാം/ അഗ്രി ടൂറിസം, റെസ്പോൺസിബിൾ ആൻഡ് റെസീലിയന്റ് ടൂറിസം എന്നിവക്കനുസൃതമായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, സാമൂഹിക പ്രത്യേകതകളെ അടിസ്ഥാനമാക്കി പാരിസ്ഥിതിക സംരക്ഷണം, സാമൂഹിക, സാംസ്കാരിക, പൈതൃക സംരക്ഷണം എന്നിവകൂടി ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്നത്.<br><br>അന്താരാഷ്ട്ര മാധ്യമമായ ന്യൂയോർക്ക് ടൈംസിന്റെ ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ 2023-ൽ ഇന്ത്യയിൽ നിന്ന് കേരളം മാത്രമാണ് ഇടംപിടിച്ചിട്ടുള്ളത്. ലോകത്തെത്തന്നെ പ്രധാനപ്പെട്ട ഒരു മാധ്യമമായ ന്യൂയോർക്ക് ടൈംസിൽ കേരളത്തെക്കുറിച്ച് വന്ന പരാമർശം സംസ്ഥാനത്തേക്ക് കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നതിനും സഹായകരമാണ്.<br><br>നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കാരവൻ ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഞ്ചാരികളെ വരവേൽക്കുവാനായി മികച്ച പ്രചരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിക്കുകയും അതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | നവീനമായ ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയിലാണ് 'കാരവൻ ടൂറിസം നയം' അവതരിപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാരികൾ തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യാനും വിവിധ ആക്ടിവിറ്റികളിൽ ഏർപ്പെടാനുമായി തയ്യാറാക്കുന്ന വാഹനങ്ങളാണ് കാരവനുകൾ. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധതലങ്ങളിലുള്ള വികസനം സർക്കാർ ലക്ഷ്യമിടുന്നു.<br><br>കേരളത്തിന്റെ വിവാഹ വിനോദസഞ്ചാര സാധ്യതകളെ വിദേശ സഞ്ചാരികൾക്ക് പരിചയപ്പെടുത്താനും അവരെ കേരളത്തിലേക്ക് ആകർഷിക്കാനും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ എയർപോർട്ട് ട്രാൻസ്ലൈറ്റ്സ്, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് ക്യാമ്പയിൻ സോഷ്യൽ മീഡിയ, ഗൂഗിൾ സേർച്ച് & ഡിസ് പ്ലേ ആഡ്സ്, പ്രൊമോഷൻ ഓഫ് ഡെസ്റ്റിനേഷൻ വെഡിംഗ് മൈക്രോസൈറ്റ് എന്നീ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ഇതിലൂടെ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്-ന് ഏറ്റവും സാധ്യതയുള്ള സ്ഥലമായി കേരളത്തെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ കഴിയും. |
| (ബി) | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ അപെക്സ് സൊസൈറ്റി സ്ഥാപിക്കുന്നതിനും പ്രാദേശിക സംരംഭങ്ങളെ പ്രാഥമിക സൊസൈറ്റികളായി സംവിധാനം ചെയ്തുകൊണ്ട് സമഗ്രമാറ്റം കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ അപെക്സ് സൊസൈറ്റി സ്ഥാപിക്കുന്നതിനും പ്രാദേശിക സംരംഭങ്ങളെ പ്രാഥമിക സൊസൈറ്റികളായി സംവിധാനം ചെയ്തു കൊണ്ടുവരുന്നതിനും നിലവിൽ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ, ടൂറിസം വകുപ്പിന് കീഴിൽ ഒരു പ്രത്യേക വിഭാഗം ആയി പ്രവർത്തിച്ചു വരുന്ന ഉത്തരവാദിത്ത ടൂറിസം മിഷനെ ഒരു സ്വതന്ത്ര സ്വഭാവമുള്ള സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട് . ഉത്തരവാദിത്ത ടൂറിസം മിഷൻ, സൊസൈറ്റി ആയി മാറുന്നതോടെ ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക സ്ഥാപനമായിത്തീരും. സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി മാറുന്നതോടെ കൂടുതൽ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുവാനും യൂണിറ്റുകൾക്ക് സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായം ഉൾപ്പെടെ നൽകികൊണ്ട് അടുത്ത ഘട്ടത്തിലേക്ക് പ്രവർത്തനങ്ങളെ ഉയർത്തികൊണ്ടു വരുവാനും സാധിക്കും. |
| (സി) | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ പ്രാദേശിക തലത്തിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത മാറ്റം സഹായകമാകുമോ; വിശദമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ